**ഒരു ലോക്ക് ഡൗൺ കാലത്ത്': ബാലസഭാ കുട്ടികൾക്കായി ഓൺലൈൻ മത്സര പരിപാടികൾ സംഘടിപ്പിച്ച് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ**

കോവിഡ്19 രോഗത്തിന്റെ വ്യാപനം തടയുന്നതിനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ ജില്ലയിലെ ബാലസഭാ കുട്ടികൾക്കായി ഓൺലൈൻ മത്സര പരിപാടികൾ സംഘടിപ്പിച്ച് മാതൃക സൃഷ്ടിച്ചിരിക്കുകയാണ് കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ. കുടുംബശ്രീ തൃശൂർ ജില്ലാമിഷന്റെ  നേതൃത്വത്തിൽ 'ഒരു ലോക്ക് ഡൗൺ കാലത്ത്' എന്ന പേരിൽ 5 മുതൽ 15 വയസ്സ് വരെയുള്ള ബാലസഭാ കുട്ടികൾക്കായി 5 ദിവസം നീളമുള്ള ഓൺലൈൻ മത്സര പരിപാടികൾ ആണ് സംഘടിപ്പിച്ചത്. കവിത രചന, ചിത്ര രചന (പെൻസിൽ), ചെറുകഥാ മത്സരം, യാത്രാ വിവരണം, കാർട്ടൂൺ എന്നിങ്ങനെയുള്ള വ്യത്യസ്ത ഇനങ്ങളിൽ, ഏപ്രിൽ 8 മുതൽ 12 വരെ ഉള്ള ദിവസങ്ങളിൽ ആയിരുന്നു ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിച്ചത്.

ഓരോ ദിവസവും വ്യത്യസ്ത വിഷയങ്ങൾ നൽകുകയും അതത് ദിവസത്തെ വിജയിയെ അതത് ദിവസം തന്നെ വിജയികളെ പ്രഖ്യാപിക്കുകയുമായിരുന്നു.  ഈ ഓൺലൈൻ മത്സര പരിപാടി വളരെ പെട്ടെന്ന് തന്നെ ബാലസഭാ കുട്ടികൾക്കിടയിൽ സ്വീകാര്യത നേടി. അഞ്ച് ദിവസം കൊണ്ട് 9300 രചനകൾ ആണ് കുട്ടികളിൽ നിന്നും ലഭിച്ചത്. ഓരോ ദിവസവും ജില്ലാമിഷനിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങൾ അനുസരിച്ചുള്ള എൻട്രികൾ രക്ഷിതാക്കളുടെ സഹായത്തോടെ സി.ഡി.എസ് ചെയർപേഴ്സണ് വാട്സാപ്പ് വഴി അയച്ചു കൊടുക്കാൻ ആയിരുന്നു നിർദേശം. സി.ഡി.എസിൽ നിന്നും അത് ബന്ധപ്പെട്ട ബ്ലോക്ക് കോർഡിനേറ്റർക്ക് അയച്ചു കൊടുക്കുകയുമാണ് ചെയ്തിരുന്നത്. 'ഓർമയിൽ മായാതെ നിൽക്കുന്ന ആ ദിവസം' എന്ന വിഷയത്തിൽ ആയിരുന്നു കവിത രചന മത്സരം. 'എന്റെ ഗ്രാമം'  എന്ന വിഷയത്തിൽ ചിത്ര രചന

മത്സരവും നടത്തി. ഏതെങ്കിലും സമകാലിക വിഷയത്തെ ആസ്പദമാക്കി കാർട്ടൂൺ വര□ാനും ഒരു പുറത്തിൽ കവിയാത്ത യാത്രാ വിവരണം, ചെറുകഥ എന്നിവ എഴുതി അയക്കാനും ആയിരുന്നു മറ്റു മത്സരങ്ങളിൽ നൽകിയ നിർദേശങ്ങൾ. ദിവസവും വൈകിട്ട് നാല് മണി മുതൽ ആറു മണി വരെയാണ് എൻട്രികൾ സ്വീകരിച്ചിരുന്നത്. ബാലസഭാ അംഗത്തിന്റെ പേര്, ബാലസഭയുടെ പേര്, വയസ്, സി.ഡി.എസ് എന്നിവ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ഒപ്പം ചേർക്കാനും നിർദേശം നൽകിയിരുന്നു.

ലോക്ക് ഡൗൺ അവസാനിച്ച ശേഷം എല്ലാ മത്സര ഇനങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട വിജയികൾക്കും സമ്മാനങ്ങൾ നൽകാനും കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ പദ്ധതിയിടുന്നുണ്ട്. ലോക്ക് ഡൗൺ കാലത്തും  ബാലസഭാ കുട്ടികൾക്ക് തങ്ങളുടെ കഴിവുകൾ തെളിയിക്കാനുള്ള ഒരു നല്ല വേദിയായി മാറി കുടുംബശ്രീ തൃശൂർ ജില്ലാമിഷന്റെ 'ഒരു ലോക്ക് ഡൗൺ കാലത്ത്' എന്ന പരിപാടി.